പ്പിക്കുന്നതാണ്. ബി.എസ്.സിക്കാരിയും, നിരപരാധിയും നിരുപദ്രവകാരിയുമായ ആ പെൺകുട്ടിയെ ക്രൂരമായിട്ടാണ് ആ വീട്ടുകാർ കൊലപ്പെടുത്തിയത്. ക്രൂരമായ ഈ കൊലപാതകത്തിൽ ആ നാട്ടുകാർ രാഷ്ട്രീയത്തിനതീതമായി പ്രതിഷേധിച്ചിട്ടുണ്ട്. ഈ സംഭവത്തിൽ തീർച്ചയായും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് കുറ്റവാളികളുടെ പേരിൽ കർശനമായ നടപടികളും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 11-6-1986 വൈകുന്നേരം 5 മണിക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ചാണ് റസീന മരണമടഞ്ഞത്. ഇതിനെക്കുറിച്ചുള്ള റസീനയുടെ ഉമ്മയുടെ ജേഷ്ഠത്തിയുടെ മകൻ ബഷീറിന്റെ പരാതി 12-6-1986 രാവിലെ പള്ളിക്കൽ പോലീസ് സ്റ്റേഷനിൽ കിട്ടി. സംശയകരമായ മരണം എന്ന പേരിൽ കേസ് രജിസ്റ്റർ ചെയ്യുകയും മൃതദേഹം പോസ്റ്റുമോർട്ടം പരിശോധനക്കുശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുക്കുകയും ചെയ്തു. പോസ്റ്റുമോർട്ടം പരിശോധനയിൽ സംശയകരമായ യാതൊന്നും വെളിവായിട്ടില്ല. ശരീരത്തിൽ മുറിവുകളോ ക്ഷതവുകളോ ഉണ്ടായിരുന്നില്ല. റസീനയുടെ കിടപ്പുമുറിയിൽ ബാർബിട്ടോൺ ഗുളികകളും കണ്ടെടുത്തിട്ടുണ്ട്. ആ ഗുളികകളും അമിതമായി കഴിച്ചായിരിക്കാം മരണകാരണമെന്ന് സംശയിക്കപ്പെടുന്നു. ആമാശയ ഭാഗങ്ങളും കെമിക്കൽ പരിശോധനയ്ക്ക് അയച്ചിരിക്കുകയാണ്. അതിന്റെ റിസൽട്ടു ലഭിച്ചാലേ മരണകാരണം വ്യക്തമാകൂ എന്നാണ് പോസ്റ്റുമോർട്ടം നടത്തിയ ഡോക്ടറുടെ അഭിപ്രായം. കേസ് അന്വേഷണം ആറന്മുള ഡി.വൈ.എസ്.പി. നേരിട്ട് നടത്തുന്നു.

17. വെള്ളൂരിലെ റെയിൽവേ ഫുട് ബ്രിഡ്ജിന്റെ നിർമ്മാണം

ശ്രീ. എം. കെ. കേശവൻ: സർ, വൈക്കം നിയോജകമണ്ഡലത്തിലെ വെള്ളൂർ റെയിൽവേ പാലത്തിൽ വച്ച് 13 പേർ മരണമടഞ്ഞതു കാരണം അവിടെ ഒരു ഫുട് ബ്രിഡ്ജ് പണിയണമെന്ന് ജനങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് നമ്മുടെ സർക്കാർ 14,000 രൂപ സെൻറേജ് കെട്ടിവയ്ക്കുകയുണ്ടായി. കഴിഞ്ഞ ദിവസം നിയമസഭാ സമ്മേളനത്തിൽ ബഹുമാനപ്പെട്ട വകുപ്പു മന്ത്രി പറഞ്ഞു, ഇതിനുവേണ്ടി 11 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട് എന്ന്. ആ റെയിൽവേ സ്റ്റേഷനിൽതന്നെ ഒരു ആട്ടോമേറ്റിക് ലവൽ ക്രോസ് പണിയുന്നതിന് പഞ്ചായത്ത് 3½ ലക്ഷം രൂപ കെട്ടിവച്ചിട്ടുണ്ട്. രണ്ടിനേറെയും പണിയായിട്ടില്ല. അടിയന്തിരമായി നടപടികളും സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, പഞ്ചായത്ത് തുക കെട്ടിവച്ചിരിക്കുന്നു എന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനെപ്പറ്റി ഗവൺമെൻറിനു യാതൊരു വിവരവുമില്ല. ലോക്കൽ ബോഡീസ് ഡിപ്പാർട്ടുമെൻറിനോട് ചോദിച്ചിട്ട് അവർക്കും അതിനെപ്പറ്റി വിവരമില്ല. റെയിൽവേ പാലങ്ങളാണ് നമുക്ക് വളരെ കൂടുതലായി ആവശ്യമായിട്ടുള്ളത്. പുതിയ ബ്രോഡ്ഗേജ് വരികയും ബ്രോഡ്ഗേജ് റെയിൽവേ ലൈനിൽ ചിലടത്തൊക്കെ പാത ഇരട്ടിക്കുകയും ചെയ്തപ്പോഴാണ് നമ്മൾ, നേരത്തെ ഉദ്ദേശിച്ചിരുന്നതിനേക്കാൾ തുക കൂടുതലായി വേണ്ടിവന്നിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ തുകയുടെ ലഭ്യത വളരെ പരമപ്രധാനമാണ്. അദ്ദേഹം പറഞ്ഞ ആദ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

പാലത്തിന് 100 രൂപയേ വക കൊള്ളിച്ചിട്ടുള്ളു. സാധാരണഗതിയിൽ അങ്ങനെയാണു കൊള്ളിക്കുന്നത്. പണത്തിന്റെ ലഭ്യത അനുസരിച്ച് ആ പാലം പണിയുന്നതിനെ സംബന്ധിച്ചിടത്തോളം പ്രയോറിറ്റിയിൽ വേണ്ട നടപടികൾ സ്വീകരിക്കും. പഞ്ചായത്തിനെ സംബന്ധിച്ചുള്ള ഈ കാര്യത്തെപ്പറ്റി അന്വേഷിക്കാം. അന്വേഷിച്ചതിനുശേഷം ആ നടപ്പാത യുണ്ടാക്കുന്നതിന് റെയിൽവേ ബോർഡിൽനിന്നും പണം വാങ്ങിയിട്ടുണ്ട് എന്ന നിലയിലും ഡിപ്പോസിറ്റ് വർക്ക് എന്നുള്ള നിലയിലും വേഗം നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

18. തലശ്ശേരിയിലെ പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തലശ്ശേരിയിലെ പോലീസുകാർ താമസിക്കാൻ ഇടമില്ലാതെ പീടിക തിണ്ണയിലും സ്റ്റേഷൻ വരാന്തയിലും കിടന്നുറങ്ങേണ്ട ദയനീയ അവസ്ഥയാണ് ഇന്നുള്ളത്. പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം ആരംഭിച്ചെങ്കിലും കോൺട്രാക്ടർക്ക് പണം കൊടുക്കാത്തതിന്റെ പേരിൽ അതിന്റെ പ്രവൃത്തികൾ ഉപേക്ഷിച്ചു പോയിരിക്കുകയാണ്. അവിടെ ക്വാർട്ടേഴ്സ് ഇല്ലാത്തതിന്റെ പ്രയാസം അനുഭവിക്കുന്ന പോലീസുകാർ ആ പ്രതിഷേധം പ്രകടിപ്പിക്കുന്നത് ജനങ്ങളുടെ ദേഹത്ത് ലാത്തി പ്രയോഗിച്ചുകൊണ്ടാണ്. അതുകൊണ്ട് അടിയന്തിരമായും ആ പോലീസ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 90 യൂണിറ്റുകളുള്ള ഒരു ഫ്ളാറ്റ് ടൈപ്പ് ക്വാർട്ടേഴ്സിന്റെ പണി സത്വരം പുരോഗമിക്കുന്നുണ്ട്. 38 ലക്ഷം രൂപ ചെലവ് വരുന്ന പ്രോജക്ടാണ് ഇത്. 9-4-1984-ൽ പണി ആരംഭിച്ചു. ഇതുവരെ 20.75 ലക്ഷം രൂപയുടെ പണി നടന്നു കഴിഞ്ഞു. ഗ്രൗണ്ട് ഫ്ളോറിന്റെ പണി പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. കരാറുകാരൻ 26-5-1986 മുതൽ പണി നിറുത്തിവച്ചിരിക്കുകയാണ്. എത്രയും വേഗം പണി പുനരാരംഭിക്കും. ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 4.65 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പോരാതെയുണ്ടെങ്കിൽ അത് ഗവൺമെന്റ് കൊടുക്കുന്നതാണ്.

19. കാക്കത്തുരുത്തി, ഷൺമുഖം കനാലുകളുടെ തീരത്തു താമസിക്കുന്നവർക്ക് പട്ടയം കൊടുക്കൽ

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഇരിഞ്ഞാലക്കുടയിൽ കാക്കത്തുരുത്തി-ഷൺമുഖം കനാലുകളിൽ അഞ്ചുകിലോമീറ്റർ നീളത്തിൽ മുപ്പതുകൊല്ലത്തിലേറെയായി മൂവായിരത്തിൽപ്പരം പാവപ്പെട്ട കുടുംബങ്ങൾ താമസിച്ചുവരികയാണ്. അതിൽ രണ്ടായിരത്തിൽ പരം ഹരിജൻ കുടുംബങ്ങളാണ്. 300 കുടുംബങ്ങൾക്ക് ഇതിനകം പട്ടയം നൽകിയിട്ടുണ്ട്. പട്ടയം ലഭിക്കാത്തതുകൊണ്ട് സർക്കാരിന്റെ യാതൊരു ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നില്ല. മൂവായിരത്തിൽ 300 പേർക്ക് പട്ടയം കൊടുത്ത് വിവേചനം കാണിച്ചിരിക്കുകയാണ്. എല്ലാവർക്കും അടിയന്തിരമായി പട്ടയം കൊടുക്കണം. ഷൺമുഖം കനാലിൽ മലിനജലമാണ്. അവിടെ പകർച്ചവ്യാധി പടർന്നു പിടിക്കാതിരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly